ഇ9-17066/18


**സാമൂഹ്യനീതി ഡയറക്ടറേറ്റ്**
**വികാസ് ഭവൻ, തിരുവനന്തപുരം**
**E Mail : swdkerala@gmail.com**
**ഫോൺ : 0471 2306040**


**തീയതി 17/10/2019**

**പരിപത്രം**

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിച്ചത് – തീയതി ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്

വായിച്ച :- 1. 06/9/2019 ലെ ഇ9/17066/18 നമ്പർ സർക്കുലർ
2. 24/9/2019 ലെ ഇ9/17066/18 നമ്പർ സർക്കുലർ

വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ എല്ലാ ജീവനക്കാരും വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന നോൺ ഗസറ്റഡ് ജീവനക്കാരും 2016,2017,2018 വർഷങ്ങളിലേയും 2019 സെപ്തംബർ മാസം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിംഗ് , റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി 10/10/2019 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ അവസാന തീയതിയ്ക്ക് മുൻപായി പല ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലെന്ന് കാണുന്നു. ഓരോ വർഷത്തിലും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കേണ്ടിട്ടുള്ളതിനാൽ ഇനിയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നൽകിയിട്ടില്ലാത്ത ജീവനക്കാർക്ക് ഒരവസരം കൂടി നൽകുവാൻ സാമൂഹ്യനീതി ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഒന്നാമതായി വായിച്ച പരിപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികയിലുള്ള ജീവനക്കാരിൽ ഇനിയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിയ്ക്കുവാനുള്ളവർ **27/10/2019 ന് മുൻപായി** കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഈ കാര്യാലയത്തിൽ സമർപ്പിയ്ക്കേണ്ടതാണ്. **27/10/2019** വരെ ലഭിയ്ക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റിൽ പിന്നീട് ഭേദഗതികൾ വരുത്തുന്നതല്ല. ആയതിനാൽ എല്ലാ ജീവനക്കാരും **27/10/2019** നകം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

ബന്ധപ്പെട്ട ജീവനക്കാർക്ക്

**പകർപ്പ്**

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയമേധാവികൾക്കും
3. സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ
4. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
5. ഡയറക്ടറുടെ സിഎ യ്ക്ക്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.